(സി) തീർത്ഥാടകർക്ക് താമസസൗകര്യം ലഭ്യമാക്കുന്നതിനായി സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ ;

(ഡി) അടുത്ത ശബരിമല സീസണിനുമുമ്പ് ഏതെല്ലാം പദ്ധതികൾ പൂർത്തിയാക്കുമെന്ന് വെളിപ്പെടുത്തുമോ ;

(ഇ) ആകെ എത്ര കോടി രൂപയുടെ പദ്ധതിയാണ് ആസൂത്രണം ചെയ്തിട്ടുള്ളത് ; പദ്ധതിക്കാവശ്യമായ തുക എങ്ങനെ ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ-സി) നിലയ്ക്കൽ പ്രധാന ബേസ് ക്യാമ്പായി വികസിപ്പിക്കുവാൻ മാസ്റ്റർ പ്ലാനിൽ വിഭാവനം ചെയ്തിട്ടുണ്ട്. നിലയ്ക്കലിൽ വാഹനങ്ങളുടെ പാർക്കിംഗ് സൗകര്യം വിപുലപ്പെടുത്തുക, ഉൾറോഡുകളുടെ നിർമ്മാണം, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ, ചെക്ക് ഡാം താമസത്തിനായി ശബരി ഹൗസുകളുടെ നിർമ്മാണം, സ്റ്റാഫ് ക്വാർട്ടേഴ്സ് എന്നിവയും ഉദ്ദേശിക്കുന്നു.

(ഡി) നിലയ്ക്കൽ പാർക്കിംഗ് സംവിധാനം വിപുലപ്പെടുത്തുകയും പ്രധാന ബേസ് ക്യാമ്പായി വികസിപ്പിക്കുകയും ചെയ്യുക, നിലയ്ക്കലിൽ ഉൾറോഡുകളുടെ നിർമ്മാണം, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ, ചെക്ക് ഡാം, ശബരി ഹൗസുകൾ എന്നീ പ്രവൃത്തികൾ, ശബരിമലയിൽ ക്യൂ കോംപ്ലക്സ്, വലിയ നടപ്പന്തലിന്റെ നവീകരണം, പ്രസാദ കോംപ്ലക്സ് പുനർവിന്യാസം ചന്ദ്രാനന്ദൻ റോഡിലേക്കുള്ള പാലത്തിന്റെ നിർമ്മാണം, പരമ്പരാഗത പാതകളുടെ വിപുലീകരണം എന്നിവ അടുത്ത സീസണു മുമ്പായി ചെയ്യാൻ ദേവസ്വം ബോർഡ് ഉദ്ദേശിക്കുന്നു.

(ഇ) വരും വർഷം 122.50 കോടി രൂപയുടെ പദ്ധതികളാണ് ഉദ്ദേശിക്കുന്നത്. വിഭവ സമാഹരണത്തിനായി 'ശബരിമല മാസ്റ്റർ പ്ലാൻ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് ട്രസ്റ്റ്' രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നു.

മകരജ്യോതിയുമായി ബന്ധപ്പെട്ട് ഹൈക്കോടതി ആവശ്യപ്പെട്ട വിശദീകരണങ്ങൾ

231 (T1701) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശബരിമലയിൽ നടക്കുന്ന മകരജ്യോതിയുമായി ബന്ധപ്പെട്ട് ഹൈക്കോടതി എന്തൊക്കെ വിശദീകരണങ്ങളാണ് സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നത് എന്നറിയിക്കുമോ ;

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇക്കാര്യത്തിൽ എന്തൊക്കെ വിശദീകരണങ്ങൾ നൽകി എന്ന് വെളിപ്പെടുത്തുമോ ;

(സി) മകരജ്യോതിയെക്കുറിച്ച് വിവാദം ഉന്നയിച്ച് പുല്ലുമേട് ദുരന്തത്തിന്റെ വസ്തുതകൾ മറച്ചുവയ്ക്കാനുള്ള ശ്രമം നടക്കുന്നതായ പരാതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ഡി) ഇത്തരം ആരോപണങ്ങൾ പുല്ലുമേട് ദുരന്തത്തെക്കുറിച്ചുള്ള അന്വേഷണത്തെ ബാധിക്കാതിരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നറിയിക്കുമോ ?

ഉത്തരം

(എ&ബി) ഇക്കാര്യത്തിൽ സർക്കാരിനോട് ഹൈക്കോടതി വിശദീകരണം ആവശ്യപ്പെട്ടിട്ടില്ല.

(സി) ഇല്ല.

(ഡി) പുല്ലുമേട് ദുരന്തത്തെക്കുറിച്ച് അന്വേഷിക്കുന്നതിനായി സർക്കാർ ഒരു ജുഡീഷ്യൽ അന്വേഷണം നടത്താൻ തീരുമാനിച്ചിട്ടുണ്ട്. അതിനുള്ള നടപടികൾ നടന്നുവരുന്നു.

പുല്ലുമേട്ടിലെ ദുരന്തം

232 (1702) ശ്രീ. ബി. ബാബു പ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശബരിമലയിൽ കഴിഞ്ഞ മകരവിളക്ക് സീസണിൽ പുല്ലുമേട്ടിൽ എത്ര പോലീസുദ്യോഗസ്ഥർ ഡ്യൂട്ടിയിലുണ്ടായിരുന്നു എന്ന് ദേവസ്വം അധികൃതരെ അറിയിച്ചിരുന്നോ ;

(ബി) എങ്കിൽ എത്ര പോലീസുകാർ എന്നാണറിയിച്ചിരുന്നത് ; പുല്ലുമേട് വഴി കഴിഞ്ഞ മകരവിളക്ക് സീസണിൽ എത്ര അയ്യപ്പൻമാർ ശബരിമലദർശനം നടത്തിയെന്ന് വിശദീകരിക്കുമോ ;

(സി) തീർത്ഥാടകരുടെ എണ്ണം ക്രമാതീതമായപ്പോൾ ദുരന്തം ഉണ്ടാകാൻ ഇടയുണ്ടെന്ന് ഇന്റലിജൻസ് സർക്കാരിന് റിപ്പോർട്ട് ചെയ്തതായി ദേവസ്വം ബോർഡിന്റെയോ വകുപ്പിന്റെയോ ശ്രദ്ധയിൽപ്പെട്ടിരുന്നോ ;

(ഡി) ഇതിന്മേൽ എന്തെങ്കിലും നടപടി സ്വീകരിക്കണം എന്ന് ദേവസ്വം ബോർഡ് സർക്കാരിനോടാവശ്യപ്പെട്ടിരുന്നോ ;

(ഇ) ശബരിമലയിലെ ക്രമീകരണങ്ങൾ അവലോകനം ചെയ്യാൻ മുഖ്യമന്ത്രി വിളിച്ചുകൂട്ടിയ യോഗത്തിൽ പുല്ലുമേടുവഴിയുള്ള അയ്യപ്പൻമാരുടെ യാത്രയ്ക്ക് സുരക്ഷാസംവിധാനം ഏർപ്പെടുത്തണമെന്നകാര്യം ദേവസ്വം ബോർഡ് ഉന്നയിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly